പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. T *426 — 21.07.2015-ൽ മറുപടിക്ക്

## വഴിവാണിഭം സംബന്ധിച്ച് സുപ്രീംകോടതിയുടെ വിധിന്യയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.നാണു<br>" മാത്യൂ.റ്റി.തോമസ്<br>ശ്രീമതി. ജമീലാ പ്രകാശം<br>ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും)<br>വകുപ്പു മന്ത്രി) |
| (എ) വഴിവാണിഭം സംബന്ധിച്ച് 1989-ൽ സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (എ) ഉണ്ട്.<br>സോതൻസിംഗ് അഭി.ന്യൂഡൽഹി മുനിസിപ്പൽ കമ്മിറ്റിയും മറ്റൊരാളും എന്ന കേസിൽ ബഹു.സൂപ്രീംകോടതി വഴിവാണിഭത്തെ സംബന്ധിച്ച് എല്ലാ സംസ്ഥാന സർക്കാരുകളും നിയമനിർമ്മാണം നടത്തണമെന്ന വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കോടതി വിധിന്യായത്തിലെ പ്രസക്ത ഭാഗം ഇപ്രകാരമാണ്. "മൗലികാവകാശം എന്ന നിലയിൽ തെരുവുവാണിഭം നടത്താൻ പൗരൻമാർക്ക് അവകാശമുണ്ടെങ്കിലും അത് നിയന്ത്രണങ്ങൾക്ക് വിധേയമായിരിക്കുന്നതാണ്. നിയന്ത്രണം ഏർപ്പെടുത്തുക എന്നത് സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽ വരുന്ന കാര്യമാണ്. പൗരൻമാർക്ക് ഏതെങ്കിലും പ്രത്യേക സ്ഥലം തെരുവുവാണിഭത്തിനായി തെരഞ്ഞെടുക്കാൻ അധികാരമില്ല. തെരുവുവാണിഭം നടത്തുന്നതിനായി തെരുവുകളോ, തെരുവുകളിലെ പ്രത്യേക സ്ഥലങ്ങളോ കണ്ടെത്തി നൽകേണ്ടത് സംസ്ഥാന സർക്കാരുകളാണ്. ന്യായമായ ഒരു സമയപരിധിക്കുള്ളിൽ സർക്കാർ ഇതു ചെയ്യാത്ത പക്ഷം പൊതുതാൽപ്പര്യാർത്ഥം കോടതിക്ക് ഇടപെടേണ്ടി വരും." |
| (ബി) പ്രസ്തുത വിധിന്യായത്തിലെ നിർദ്ദേശങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ? | (ബി) വഴിയോര കച്ചവടക്കാരെ സംബന്ധിച്ച് ഭാരത സർക്കാർ സ്വീകരിച്ച ദേശീയ നയത്തിനനുസൃതമായി അതാത് സംസ്ഥാനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ വഴിയോര കച്ചവടക്കാർക്ക് വേണ്ടി നിയമനിർമ്മാണ മടക്കമുള്ള നടപടികൾ സ്വീകരിക്കുവാൻ കേന്ദ്രസർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കും നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി നഗരകാര്യ |

ഡയറക്ടറെ നോഡൽ ഓഫീസറായി നിശ്ചയിക്കുകയും വഴിയോര കച്ചവടക്കാർക്ക് വേണ്ടി സംസ്ഥാനത്ത് ഒരു കരട് നയം തയ്യാറാക്കുന്നതിനായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കൺവീനറായി ഒരു കമ്മിറ്റിയെ നിയമിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഒരു കരട് ബിൽ തയ്യാറാക്കുകയും ആയതു പ്രകാരം നിയമ നിർമ്മാണം സംബന്ധിച്ച് മുന്നോട്ട് പോകവെ കേന്ദ്ര സർക്കാർ The Street Vendors (Protection of Livelihood and Regulation of Street Vending) Act, 2014 എന്ന പേരിൽ ഒരു നിയമം പാസാക്കി മാർച്ച് 2014-ൽ പ്രസിദ്ധപ്പെടുത്തി. 2014 മെയ് 1 മുതൽ പ്രാബല്യത്തിൽ വന്ന ഈ നിയമം എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമായ സാഹചര്യത്തിൽ കേരളത്തിനു മാത്രമായി ഒരു പ്രത്യേക നിയമ നിർമ്മാണത്തിന്റെ ആവശ്യമില്ല. ഇത് സംബന്ധിച്ച ചട്ടങ്ങൾ രൂപീകരിച്ചാൽ മതിയാകുമെന്നതിനാൽ കേന്ദ്ര നിയമത്തിന് അനുസൃതമായി ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. ഇതോടൊപ്പം തന്നെ എല്ലാ നഗരസഭകളിലും Street Vending Committee കൾക്ക് രൂപം നൽകുകയും തെരുവ് വാണിഭത്തിനായി സ്ഥലം കണ്ടെത്തി നീക്കിവെയ്ക്കുന്നതിനുള്ള ജോലികൾ നടന്ന് വരികയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ